റോക്കറ്റാക്രമണത്തിൽ 10 പേർക്കു പരിക്ക്; കെറം ഷാലോം ക്രോസിംഗ് ഇസ്രയേൽ അടച്ചു

ടെൽ അവീവ്: ഹമാസിന്റെ റോക്കറ്റാക്രമണത്തെത്തുടർന്ന് ഗാസയിലേക്കു സഹായവസ്തുക്കൾ കടത്തിവിടുന്ന കെറം ഷാലോം ക്രോസിംഗ് അടച്ചതായി ഇസ്രയേൽ അറിയിച്ചു. ഇസ്രയേലിലുണ്ടായ ആക്രമണത്തിൽ പത്തു പേർക്കു പരിക്കേറ്റു. ഇതിൽ ചിലരുടെ നില ഗുരുതരമാണ്.

ഇതിനിടെ, ഇസ്രേലി സേനയുടെ ആക്രമണത്തിൽ ഹമാസിന്റെയും ഇസ്‌ലാമിക് ജിഹാദിന്റെയും കമാൻഡർമാർ അടക്കം ഏഴു തീവ്രവാദികൾ കൊല്ലപ്പെട്ടു. ഹമാസിന്റെ സായുധ വിഭാഗമായ അൽഖ്വാസം ബ്രിഗേഡിന്റെ വെസ്റ്റ് ബങ്ക് കമാൻഡർ അലാഷ്റെയ്തെ, ഇസ്‌ലാമിക് ജിഹാദിന്റെ മുതിർന്ന കമാൻഡർ ഐമൻ സരാബ് എന്നിവരടക്കമുള്ളവരാണു കൊല്ലപ്പെട്ടത്.

വെസ്റ്റ് ബാങ്കിലെ തുർക്കാറാമിൽ ശനിയാഴ്ച നടന്ന 12 മണിക്കൂർ ഏറ്റുമുട്ടലിലാണ് അലാഷ്റെയ്തെയും മൂന്നു ഭീകരരും കൊല്ലപ്പെട്ടത്. ഹമാസ് ഇന്നലെ ഇക്കാര്യം സ്ഥിരീകരിച്ചു. ഇയാൾ 2002 മുതൽ 2016 വരെ ഇസ്രേലി ജയിലിൽ തടവിലായിരുന്നു.

ഇസ്‌ലാമിക് ജിഹാദിന്റെ സായുധ സേനാ വിഭാഗം കമാൻഡറായിരുന്ന ഐമൻ സരാബ് റാഫയിലുണ്ടായ വ്യോമാക്രമണത്തിലാണ് കൊല്ലപ്പെട്ടത്.

ബന്ദിമോചനത്തിന് റാലിയുമായി ഇസ്രേലികൾ

ടെൽ അവീവ്: ഗാസ വെടിനിർത്തലിനു ചർച്ചകൾ പുനരാരംഭിച്ചതിനു പിന്നാലെ, ഹമാസിന്റെ കസ്റ്റഡിയിലുള്ള ബന്ദികളെ മോചിപ്പിക്കാൻ നെതന്യാഹു സർക്കാർ നടപടി എടുക്കണമെന്നാവശ്യപ്പെട്ട് ഇസ്രേലി ജനത പ്രകടനം നടത്തി. ശനിയാഴ്ച രാത്രി ടെൽ അവീവിൽ നടന്ന റാലിയിൽ പതിനായിരങ്ങൾ പങ്കെടുത്തു. പ്രധാനമന്ത്രി നെതന്യാഹു യുദ്ധം നീട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുന്നതായി പ്രകടനക്കാർ ആരോപിച്ചു.

യുദ്ധം അവസാനിപ്പിക്കണമെന്ന് പ്രകടനക്കാർ ആവശ്യപ്പെട്ടു; 'യുദ്ധമല്ല ജീവനാണു പവിത്രം' എന്ന മുദ്രാവാക്യം മുഴക്കി. നെതന്യാഹു വെടിനിർത്തൽ ധാരണ അട്ടിമറിക്കുകയാണെന്നും ആരോപിച്ചു.

ഇതിനിടെ ഈജിപ്ഷ്യൻ തലസ്ഥാനമായ കയ്റോയിൽ ശനിയാഴ്ച ആരംഭിച്ച വെടിനിർത്തൽ ചർച്ചകളിൽ കാര്യമായ പുരോഗതി ഉണ്ടായില്ല. ഈജിപ്തിന്റെയും ഖത്തറിന്റെയും മധ്യസ്ഥതയിൽ നടക്കുന്ന ചർച്ചയിൽ ഹമാസ് പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്. 40 ദിവസം വെടിനിർത്തി ഹമാസിന്റെ കസ്റ്റഡിയിലുള്ള ബന്ദികളെയും ഇസ്രേലി ജയിലുകളിലുള്ള പലസ്തീൻ തടവുകാരെയും മോചിപ്പിക്കുന്നതിനുള്ള ധാരണയാണ് ചർച്ച ചെയ്യുന്നത്.

ഹമാസിന്റെ കസ്റ്റഡിയിലുള്ള ബന്ദികളുടെ മോചനത്തിന് സർക്കാർ നടപടി ആവശ്യപ്പെട്ട് ഇസ്രേലി ജനത ടെൽ അവീവിൽ നടത്തിയ പ്രകടനം.

ചർച്ചയെ ഗൗരവമായിട്ടാണു കാണുന്നതെന്നും എന്നാൽ, ഇസ്രയേൽ യുദ്ധം അവസാനിപ്പിച്ച് ഗാസയിൽനിന്നു പിൻവാങ്ങാതെ വെടിനിർത്തൽ യാഥാർഥ്യമാകില്ലെന്നും ഹമാസ് വൃത്തങ്ങൾ പറഞ്ഞു.

ഹമാസിനെ ഉന്മൂലനം ചെയ്യുന്നതുവരെ യുദ്ധം തുടരുമെന്നും റാഫയിലെ സൈനിക നടപടി ഒഴിവാക്കുന്ന തരത്തിലുള്ള വെടിനിർത്തൽ അംഗീകരിക്കില്ലെന്നും ഇസ്രേലി മന്ത്രി അമിച്ചായി ചിക്‌ലി പറഞ്ഞു.

ഒക്ടോബർ ഏഴിനു തെക്കൻ ഇസ്രയേലിൽ ഭീകരാക്രമണം നടത്തിയ ഹമാസ് 252 പേരെയാണ് തട്ടിക്കൊണ്ടുപോയത്. നവംബറിലെ വെടിനിർത്തലിൽ നൂറിലധികം പേരെ മോചിപ്പിച്ചിരുന്നു. 128 പേർ ഹമാസിന്റെ കസ്റ്റഡിയിൽ തുടർന്നുവെന്നും ഇതിൽ 34 പേർ മരിച്ചിരിക്കാമെന്നും കരുതുന്നു.

കെഎസ്ആർടിസി ബസും ഇരുചക്രവാഹനവും കൂട്ടിയിച്ച് ഗൃഹനാഥൻ മരിച്ചു

മകൾക്ക് പരിക്ക്

കല്ലടിക്കോട്: ദേശീയപാതയിൽ മാച്ചാംതോടിനു സമീപം കെഎസ്ആർടിസി ബസും ഇരുചക്രവാഹനവും കൂട്ടിയിച്ച് ഇരുചക്രവാഹനയാത്രക്കാരൻ മരിച്ചു. അഗളി ജെല്ലിപ്പാറ തെങ്ങുംതോട്ടത്തിൽ വീട്ടിൽ സാമുവലിന്റെ മകൻ മാത്യു (60) ആണ് മരിച്ചത്.

കൂടെ സഞ്ചരിച്ച മകൾ അഞ്ജു(30)വിനെ സാരമായ പരിക്കുകളുമായി പെരിന്തൽമണ്ണയിലെ സ്വകാര്യആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ ഉച്ചകഴിഞ്ഞ് ഒന്നരയ്ക്കായിരുന്നു അപകടം.

മരിച്ച മാത്യു.

പൊന്നംകോടിനു സമീപമുണ്ടായ അപകടത്തിൽ തകർന്ന ബൈക്ക്.

ഓസ്ട്രേലിയയിൽ കത്തിയാക്രമണം; പതിനാറുകാരനെ വെടിവച്ചുകൊന്നു

പെർത്ത്: ഓസ്ട്രേലിയയിലെ പെർത്ത് നഗരത്തിൽ കത്തിയാക്രമണം നടത്തിയ പതിനാറുകാരനെ പോലീസ് വെടിവച്ചുകൊന്നു.

അക്രമി ഇന്റർനെറ്റിലൂടെ മൗലികവാദങ്ങളിൽ ആകൃഷ്ടനായിരുന്നതായി വെസ്റ്റേൺ ഓസ്ട്രേലിയ സംസ്ഥാന മുഖ്യമന്ത്രി റോജർ കുക്ക് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

നഗരത്തിന്റെ തെക്കൻ പ്രാന്തത്തിലെ വില്ലെറ്റണിൽ ശനിയാഴ്ച രാത്രിയായിരുന്നു സംഭവം. ഇതിനു മുമ്പ് ഒരാൾ പോലീസിനെ വിളിച്ച് 'അക്രമം നടത്താൻ പോകുന്നുവെന്ന്' മുന്നറിയിപ്പു നല്കിയിരുന്നു. ഇതിനു പിന്നാലെ വില്ലെറ്റണിൽ കത്തിയാക്രമണം നടക്കുന്നതായി പോലീസിനു വിവരം ലഭിച്ചു.

സ്ഥലത്തെത്തിയ പോലീസിനു നേർക്ക് അക്രമി പാഞ്ഞു വന്നപ്പോഴാണു വെടിയുതിർത്തത്. കത്തി ഉപേക്ഷിക്കാനുള്ള പോലീസിന്റെ നിർദേശം അക്രമി ചെവിക്കൊണ്ടില്ല.

കിടപ്പുരോഗിയെ വീടിനുള്ളിൽ മരിച്ചനിലയിൽ കണ്ട സംഭവം

കൊലപാതകമെന്നു സൂചന

പുതുക്കാട്: നെടുമ്പാളിൽ വീടിനുള്ളിൽ കിടപ്പുരോഗിയെ മരിച്ചനിലയിൽ കണ്ട സംഭവം കൊലപാതകമെന്ന് സൂചന. നെടുമ്പാൾ വഞ്ചിക്കടവ് റോഡിൽ കാരിക്കുറ്റി വീട്ടിൽ രാമകൃഷ്ണന്റെ മകൻ സന്തോഷ് (45) ആണ് മരിച്ചത്. വെള്ളിയാഴ്ച രാത്രിയാണ് ഇയാളെ വീടിനകത്ത് മരിച്ചനിലയിൽ കണ്ടത്. ഓട്ടോറിക്ഷ തൊഴിലാളിയായിരുന്ന സന്തോഷ് ഏറെ നാളായി തളർന്നു കിടപ്പായിരുന്നു. തന്റെ ഭർത്താവാണ് കൊലചെയ്തതെന്ന് സന്തോഷിന്റെ സഹോദരി പോലീസിന് മൊഴിനൽകി.

സന്തോഷിനോടൊപ്പം കഴിഞ്ഞിരുന്ന സഹോദരി ഷീബ, ഭർത്താവ് സെബാസ്റ്റ്യൻ എന്നിവരാണ് മരണവിവരം സമീപവാസികളെ അറിയിച്ചത്.

മൃതദേഹം തറയിൽ കിടക്കുന്നതുകണ്ട് സംശയം തോന്നിയ നാട്ടുകാരും പഞ്ചായത്തംഗവും വിവരം പോലീസിൽ അറിയിക്കാനൊരുങ്ങിയപ്പോൾ ഷീബയും ഭർത്താവും അത് വിലക്കാൻ ശ്രമിച്ചു. എന്നാൽ പോലീസിൽ അറിയിച്ചതോടെ സെബാസ്റ്റ്യൻ വീട്ടിൽ സൂക്ഷിച്ചിരുന്ന ചിതലിനു തളിക്കുന്ന മരുന്ന് കുടിച്ച് ജീവനൊടുക്കാൻ ശ്രമിച്ചു. ആശുപത്രിയിൽ ചികിത്സയിലായ സെബാസ്റ്റ്യന് കാവൽ ഏർപ്പെടുത്തിയ പോലീസ് ചോദ്യം ചെയ്തപ്പോഴാണ് കൂടെയുണ്ടായിരുന്ന ഷീബ കൊലപാതകവിവരം വെളിപ്പെടുത്തിയത്. കിടപ്പുരോഗിയായ സന്തോഷിനെ സെബാസ്റ്റ്യൻ ചങ്ങലകൊണ്ട് കഴുത്തുമുറുക്കി കൊന്നുവെന്നാണ് മൊഴി.

സഹോദരിക്കും ഭർത്താവിനും താമസിക്കാൻ വേറെ ഇടമില്ലാത്തതും, കിടപ്പുരോഗിയെ സംരക്ഷിക്കുന്നതിനുള്ള ബുദ്ധിമുട്ടും കൊലപാതകത്തിന് കാരണമായതായി കരുതുന്നു.

സെബാസ്റ്റ്യൻ ക്രിമിനൽ പശ്ചാത്തലമുള്ളയാളാണെന്നും ഇയാളുടെ പേരിൽ പുതുക്കാട്, ഒല്ലൂർ, കൊടകര സ്റ്റേഷനുകളിൽ കേസുകളുണ്ടെന്നും പോലീസ് പറഞ്ഞു.

പോസ്റ്റ് മോർട്ടം റിപ്പോർട്ട് വന്നശേഷം തുടർനടപടികൾ കൈക്കൊള്ളുമെന്ന് പുതുക്കാട് പോലീസ് അറിയിച്ചു.

പാലക്കാട്ട് ട്രെയിനിൽനിന്ന് 8.8 കിലോ കഞ്ചാവ് പിടികൂടി

ഒലവക്കോട്: പാലക്കാട് ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിൽ ട്രെയിനിൽനിന്ന് കഞ്ചാവു പിടികൂടി.

ആർപിഎഫ് ക്രൈം ഇൻറലിജൻസ് വിഭാഗവും എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും നടത്തിയ സംയുക്ത പരിശോധനയിലാണ് സെക്കന്ദരാബാദ്-തിരുവനന്തപുരം ശബരി എക്സ്പ്രസിന്റെ ജനറൽ കമ്പാർട്ട്മെന്റിൽനിന്ന് ഉടമസ്ഥനില്ലാത്ത ബാഗിൽ എട്ടുകെട്ടുകളിലായി 8.8 കിലോ കഞ്ചാവ് കണ്ടെടുത്തത്.

പാലക്കാട്ട് ട്രെയിനിൽനിന്നു പിടികൂടിയ കഞ്ചാവുമായി അധികൃതർ.

നാലര ലക്ഷത്തോളം രൂപ വില വരും. സംഭവത്തിൽ എക്സൈസ് അന്വേഷണം ആരംഭിച്ചു.

എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആൻറി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ എ.ജിജി പോളിന്റെയും ആർപിഎഫ് ക്രൈം ഇൻറലിജൻസ് വിഭാഗം സബ് ഇൻസ്പെക്ടർ എ.പി. ദീപക്കിന്റെയും നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ക്രൈം ഇൻറലിജൻസ് വിഭാഗം സബ് ഇൻസ്പെക്ടർ എ.പി. അജിത് അശോക്, അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർ കെ.എം. ഷിജു, ഹെഡ് കോൺസ്റ്റബിൾ എൻ. അശോക്, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ പി. അജിത് കുമാർ, എക്സൈസ് പ്രിവന്റീവ് ഓഫീസർ രാകേഷ് എന്നിവർ ഉണ്ടായിരുന്നു.

നാട്ടികയിൽ വിദേശവനിതയെ പീഡിപ്പിക്കാൻ ശ്രമിച്ച തമിഴ്നാട് സ്വദേശി അറസ്റ്റിൽ

തൃപ്രയാർ: നാട്ടികയിൽ വിദേശവനിതയെ പീഡിപ്പിക്കാൻ ശ്രമിച്ച തമിഴ്നാട് സ്വദേശിയെ പോലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട് സ്വദേശി അഴകേശൻ (24) നെയാണ് വലപ്പാട് പോലീസ് അറസ്റ്റ് ചെയ്തത്. ജർമൻ സ്വദേശിയായ വനിതയെ കടപ്പുറത്ത് നടക്കുന്നതിനിടെയാണ് ഇയാൾ ഉപദ്രവിക്കാൻ ശ്രമിച്ചത്.

അഴകേശൻ.

തൊട്ടടുത്ത റിസോർട്ടിലെത്തിയതായിരുന്നു വനിത. പരാതിയെ തുടർന്ന് വലപ്പാട് പോലീസ് സ്ഥലത്തെത്തി പ്രതിയെ അറസ്റ്റ് ചെയ്തു. പ്രതിയെ കോടതി റിമാൻഡ് ചെയ്തു.

ലോക്കപ്പിൽനിന്ന് രക്ഷപ്പെട്ട പ്രതിയെ പോലിസ് വീണ്ടും പിടികൂടി

വാടാനപ്പിള്ളി: പോലീസ് ലോക്കപ്പിൽനിന്ന് രക്ഷപ്പെട്ട പ്രതിയെ പോലീസ് വീണ്ടും പിടികൂടി. തളിക്കുളം പത്താംകല്ല് കോപ്പൂർ വീട്ടിൽ അഭിഷേക് (25) ആണ് സ്റ്റേഷനിൽ നിന്നു രക്ഷപ്പെട്ടശേഷം മണിക്കൂറുകൾക്കകം വീണ്ടും അറസ്റ്റിലായത്. ഇതര സംസ്ഥാന സ്വദേശിയെ അഭിഷേക് ഇരുമ്പുവടിഉപയോഗിച്ച് ആക്രമിച്ചിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ ശനിയാഴ്ചയാണ് അഭിഷേകിനെ പോലീസ് പിടികൂടിയത്.

അഭിഷേക്.

ലോക്കപ്പിൽ കിടന്നിരുന്ന അഭിഷേക് ഞായറാഴ്ച രാവിലെ കുടിക്കാൻ വെള്ളം ചോദിച്ചതിനെ തുടർന്ന് പോലീസുകാർ വെള്ളം കൊടുത്തിരുന്നു. പിന്നീട് രാവിലെ ഏഴോടെ ഇയാൾ ഗ്രില്ലിനിടയിലൂടെ കൈയിട്ട് താഴു തുറന്ന് രക്ഷപ്പെടുകയായിരുന്നു.

തുടർന്ന് കൂടുതൽ പോലീസെത്തി നടത്തിയ വ്യാപകമായ തെരച്ചിലിനിടയിൽ അഭിഷേകിനെ മണിക്കൂറുകൾക്കു ശേഷം തളിക്കുളത്തുനിന്നുതന്നെ പിടികൂടുകയായിരുന്നു. ചാവക്കാട് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

വെള്ളപ്പൊക്കം: ബ്രസീലിൽ മരണം 55

ബ്രസീലിയ: ദിവസങ്ങളായി കനത്ത മഴ പെയ്യുന്ന തെക്കൻ ബ്രസീലിലെ റിയോ ഗ്രാൻഡെ ദൊ സുൾ സംസ്ഥാനത്ത് വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും മരണം 55 ആയി. 74 പേരെ കാണാതായിട്ടുണ്ട്.

അഞ്ചു ലക്ഷം പേർ വൈദ്യുതിയുടെയും ശുദ്ധജലത്തിന്റെയും അഭാവം നേരിടുന്നു.

സംസ്ഥാനത്തെ 497 നഗരങ്ങളും മഴക്കെടുതി നേരിടുന്നതായി റിപ്പോർട്ടുകളിൽ പറയുന്നു. ബെന്റോ ഗോൺസാൽവസ് നഗരത്തിലെ അണക്കെട്ട് തകർന്നാണു 30 പേർ മരിച്ചത്. ഇവിടത്തെ മറ്റൊരു അണക്കെട്ടും തകർച്ചയുടെ വക്കിലാണ്.

സംസ്ഥാന തലസ്ഥാനമായ പോർട്ടോ അലെഗ്രെയിൽ നദി കരകവിഞ്ഞതിനെത്തുടർന്ന് ജനവാസ മേഖലകൾ വെള്ളത്തിനടിയിലായി. നഗരത്തിലെ വിമാനത്താവളത്തിന്റെ പ്രവർത്തനം നിർത്തിവച്ചു. വരുംദിവസങ്ങളിലും മഴ തുടരുമെന്നാണ് കാലാവസ്ഥാ പ്രവചനം.

സിനഗോഗുകളിൽ വ്യാജ ബോംബ് ഭീഷണി

ന്യൂയോർക്ക്: ന്യൂയോർക്കിലെ സിനഗോഗുകൾക്കും മ്യൂസിയത്തിനും വ്യാജബോംബ് ഭീഷണി. മാൻഹാട്ടണിലെ മൂന്ന് സിനഗോഗുകളിലും ബ്രൂക്‌ലിനിലെ ഒരു സിനഗോഗിലും ബ്രൂക്‌ലിൻ മ്യൂസിയത്തിലും ബോംബു വച്ചിട്ടുണ്ടെന്ന സന്ദേശം ഇ-മെയിൽ വഴിയാണ് ലഭിച്ചതെന്നു പോലീസ് പറഞ്ഞു. ഇതിനെത്തുടർന്ന് ഇവിടങ്ങളിൽനിന്ന് ആളുകളെ ഒഴിപ്പിച്ചു മാറ്റി പരിശോധന നടത്തിയെങ്കിലും ഒന്നും കണ്ടെത്താനായില്ല.

ബ്രൂക്‌ലിൻ മ്യൂസിയത്തിനു സമീപമുള്ള സബ്‌വേ സ്റ്റേഷനു സമീപം സംശയാസ്പദമായ പൊതി കണ്ടെത്തിയെന്നും എന്നാൽ ട്രെയിൻ ഗതാഗതം തടസപ്പെട്ടിട്ടില്ലെന്നും യുഎസ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഓർത്തഡോക്സ് സഭകൾ ഈസ്റ്റർ ആഘോഷിച്ച ഇന്നലെ ഗാസാ സിറ്റിയിലെ സെന്റ് പൊർഫീറിയസ് പള്ളിയിൽ നടന്ന തിരുക്കർമങ്ങളിൽ പങ്കെടുക്കുന്ന പലസ്തീൻ ക്രൈസ്തവർ.

അൽ ജസീറ ചാനൽ ഇസ്രയേലിൽ നിരോധിക്കാൻ തീരുമാനിച്ചു: നെതന്യാഹു

ടെൽ അവീവ്: ഖത്തറിന്റെ ഉടമസ്ഥതയിലുള്ള അൽ ജസീറ ചാനൽ ഇസ്രയേലിൽ നിരോധിക്കാൻ തീരുമാനിച്ചതായി പ്രധാനമന്ത്രി നെതന്യാഹു അറിയിച്ചു. ഇതിനായി ഇസ്രേലി സർക്കാർ ഒറ്റക്കെട്ടായി വോട്ട് ചെയ്തു.

നിരോധനം എപ്പോൾ പ്രാബല്യത്തിൽ വരുമെന്നോ എത്ര നാളത്തേക്കെന്നോ നെതന്യാഹു വ്യക്തമാക്കിയില്ല.

45 ദിവസത്തേക്കായിരിക്കും നിരോധനമെന്ന് ഇസ്രേലി മാധ്യമങ്ങൾ സൂചിപ്പിച്ചു. ചാനലിന്റെ ഉപകരണങ്ങൾ കണ്ടുകെട്ടുമെന്ന് വാർത്താവിതരണ മന്ത്രി ഷ്ലോമോ കാർഹി അറിയിച്ചു.

ഇസ്രയേലിലും കിഴക്കൻ ജറുസലെമിലും ചാനലിന്റെ പ്രവർത്തനം തടസപ്പെടുമെന്ന് അൽ ജസീറ റിപ്പോർട്ടർമാർ പറഞ്ഞു. പലസ്തീൻ പ്രദേശങ്ങളിൽ നിരോധനം ബാധകമാകില്ല.

അൽ ജസീറ പക്ഷപാതപരമായി വാർത്തകൾ നല്കുന്നുവെന്നുവെന്നും ദേശസുരക്ഷയ്ക്കു ഭീഷണിയാണെന്നുമാണ് ഇസ്രയേലിന്റെ ആരോപണം.

അറബ് ക്രിസ്ത്യൻ വനിത ഹൈഫ യൂണിവേഴ്സിറ്റി പ്രിൻസിപ്പൽ

ടെൽ അവീവ്: ഇസ്രയേലിലെ ഹൈഫ യൂണിവേഴ്സിറ്റി റെക്ടർ പദവിയിൽ അറബ് ക്രിസ്ത്യൻ വനിതയായ പ്രഫ. മോണ മാറോൺ. അറബ്, ക്രിസ്ത്യൻ, വനിത വിഭാഗങ്ങളിൽനിന്നൊരാൾ യൂണിവേഴ്സിറ്റിയെ നയിക്കാൻ നിയമിക്കപ്പെടുന്നത് ഇതാദ്യമാണ്. മാറോനീത്ത ക്രൈസ്തവ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട പ്രഫസർ ലോകത്തിലെ അറിയപ്പെടുന്ന ന്യൂറോ സയന്റിസ്റ്റാണ്. 54 വയസുള്ള അവർ രണ്ടു പതിറ്റാണ്ടായി ഹൈഫ യൂണിവേഴ്സിറ്റിയിൽ അധ്യാപികയാണ്. കഴിഞ്ഞ നൂറ്റാണ്ടിലാണ് പ്രഫസറുടെ കുടുംബം ഇസ്രയേലിലേക്ക് കുടിയേറിയത്.

പ്രഫ. മോണ

ഇസ്രയേലിലെ അക്കാദമിക രംഗത്ത് എന്തും സാധ്യമാണെന്നും അറബ് തലമുറയ്ക്ക് സ്വപ്നസാക്ഷാത്കാരം സാധ്യമാണെന്നുമുള്ള സന്ദേശമാണ് തന്റെ നിയമനം നല്കുന്നതെന്ന് പ്രഫ. മോണ പറഞ്ഞു.

ദീപിക ക്ലാസിഫൈഡ്സ്

മരിയ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
7560840085
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9633410797
T2405-530169

ഹോം നഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ (സ്ത്രീ/പുരുഷൻ) വേതനം: 14000-30000 Rs). ദിവസവേതനത്തിൽ ബൈസ്റ്റാൻഡറെ ലഭിക്കുന്നതിന്.
വെസ്റ്റേൺ, തൊടുപുഴ, മുട്ടം
04862-255326, 9446813356, 9388810095
K2403-526175

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം (M/F), ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവശുശ്രൂഷ, ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ, കോവിഡ് ഡ്യൂട്ടി എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കൃപ ഹോം നേഴ്സിംഗ്, മുട്ടം
Ph: 7902857211
9746518466
K2403-527302

Valavi & Co
Near Market Bridge Broadway
Ernakulam
Ph: 0484 235 3765
9074885863
Mail: brovalavi@gmail.com
E2403-526617

വി. യൂദാശ്ലീഹായുടെ നൊവേന
മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ. (ഈ പ്രാർത്ഥന ദിവസം 9 പ്രാവശ്യം ചൊല്ലുക. 8 ദിവസം തുടർച്ചയായി ചൊല്ലിയാൽ ഏതുകാര്യവും സാധിക്കും. 10 ദിവസം തുടർച്ചയായി ചൊല്ലിയാൽ അത് ഒരു നാളും സഫലമാകാതിരിക്കില്ല).
Bivin Varghese
T2405-530246

St. Albert's College (Autonomous)
Banerji Road, Ernakulam, Kochi - 682018
Kerala, India | Phone: 8330887772, 8330887774, 8330887775 |
Website: www.alberts.edu.in
WANTED
Applications are invited for the post of the
PRINCIPAL (Open Category)
from qualified teachers. Age, qualifications, Scale of pay as per UGC, MG University, Kottayam and Government of Kerala rules. Appointment is subject to approval of MG University/ Government. Apply to the Manager within 30 days from the date of this notification. Online application on the college website www.alberts.edu.in
Date:06.05.2024 Sd/- Manager
E2405-530248

STATE BANK OF INDIA
Anaimalai (02914)
No,12, Sethumadai Road Anaimalai,Coimbatore-642 104
POSSESSION NOTICE
Rule - 8 (1)
2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് സെക്യൂരിറ്റി ഇൻറസ്റ്റ് ആക്ട്, 2002 (2002 ലെ നം.54), സെക്ഷൻ 13(12) പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിന് കീഴിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആനൈമലൈയുടെ അംഗീകൃത ഓഫീസറാണ് താഴെ ഒപ്പിട്ടിരിക്കുന്നത്. 2002 ലെ സുരക്ഷാ താൽപ്പര്യ (എൻഫോഴ്സ്മെൻറ്) ചട്ടങ്ങളുടെ റൂൾ 3-നൊപ്പം, 05.01.2024 തീയതിയിൽ ഒരു ഡിമാൻഡ് നോട്ടീസ് നൽകി, വായ്പക്കാരനായ ശ്രീ.ആർ.പ്രാണേഷ്, എസ്/ഒ.സി.സി.രാജേന്ദ്രൻ, എസ്.എം.ടി.അർച്ചന ഗീത, സി.എൻ.എൻ.എ., അത്തിക്കോട്, പോൾപുള്ളി, പാലക്കാട്- 678 552. നോട്ടീസിൽ പറഞ്ഞിരിക്കുന്ന തുക തിരിച്ചടയ്ക്കാൻ രൂപ. 4,45,76,681/- (രൂപ നാല് കോടി നാൽപ്പത്തിയഞ്ച് ലക്ഷം എഴുപത്തി ആറായിരത്തി അറുനൂറ്റി എൺപത്തിയൊന്ന് മാത്രം) അറിയിപ്പ് ലഭിച്ച തിയതി മുതൽ 60 ദിവസത്തിനുള്ളിൽ 05.01.2024.
കടം വാങ്ങുന്നയാൾ തുക തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, സെക്ഷൻ 13(4) പ്രകാരം അയാൾക്ക്/അവർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് താഴെപ്പറയുന്ന സ്വത്ത് താഴെ ഒപ്പിട്ടയാൾ കൈവശപ്പെടുത്തിയതായി കടം വാങ്ങുന്നയാൾക്കും / ജാമ്യക്കാരനും പൊതുജനങ്ങൾക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു. പ്രസ്തുത നിയമത്തിന്റെ പ്രസ്തുത ചട്ടങ്ങളുടെ ചട്ടം 8-ന്റെ കൂടെ വായിച്ചു 2024 മെയ് 4-ാം ദിവസം.
കടം വാങ്ങുന്ന വ്യക്തിക്കും പൊതുവെ പൊതുജനങ്ങൾക്കും ഈ വസ്തുവുമായി ഇടപെടരുതെന്ന് ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു, കൂടാതെ വസ്തുവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഇടപാടുകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചാർജിന് വിധേയമായിരിക്കും. 4,45,76,681 /- (രൂപ നാല് കോടി നാൽപ്പത്തിയഞ്ച് ലക്ഷം എഴുപത്തി ആറായിരത്തി അറുനൂറ്റി എൺപത്തിയൊന്ന് മാത്രം) കൂടാതെ അതിന്റെ പലിശയും ചെലവും.
DESCRIPTION OF THE PROPERTY
സ്വത്ത് വകയാണ്: ശ്രീ. ആർ.പ്രാണേഷ്.
കേരള സംസ്ഥാനത്ത് പാലക്കാട് ജില്ലയിലെ ചിറ്റൂർ സബ് രജിസ്റ്റർ ഓഫീസ് ചിറ്റൂർ തത്തമംഗലം പഴയ എസ്.എഫ് നമ്പർ: 2156/1, 2165& 2154/2 (RE.S.F.N044/2) ആകെ വിസ്തീർണ്ണം: HEC, :0.0862
1.) ഡോക്യുമെന്റ് നമ്പർ : 1498/2015 : Dt:16.05.2015- 0.0203 HEC യുടെ വ്യാപ്തി.
2.) ഡോക്യുമെന്റ് നമ്പർ : 364/2014 : Dt:30.01.2014 -- 0.0203 HEC.
3.) ഡോക്യുമെന്റ് നമ്പർ : 1958/2012: Dt:17.05.2012 - 0.0405 HEC യുടെ വ്യാപ്തി.
ആകെ വ്യാപ്തി : 0.0862 ഹെക്ടർ - അല്ലങ്കിൽ - 21.29 സെൻറ്
ഭൂമിയും അവിടെ മറ്റെല്ലാ നിയമപരമായ അവകാശങ്ങളും കെട്ടിപ്പടുക്കുക.
കേരള ഹൈക്കോടതിയിൽ എറണാകുളം WP(C) No.5291 of 2024, 2024 ഏപ്രിൽ 8-ലെ വിധി.
Place: Anaimalai
Date : 04.05.2024
Authorised Officer
State Bank of India, Anaimalai Branch
T2405-530244

S